# സൗഹൃദത്തിന്റെ മലരുകൾ വിരിയട്ടെ

**മെയ്** മൂന്നാം വാരത്തിൽ തിരുവനന്തപുരത്തെ ബീമാപള്ളി-ചെറിയതുറ ഭാഗത്ത് പോലീസ് നടത്തിയ വെടിവെപ്പിൽ കൊല്ലപ്പെട്ടവരുടെ എണ്ണം ഇതെഴുതുമ്പോൾ ആറായി ഉയർന്നിരിക്കുന്നു. പരിക്കേറ്റ് ആശുപത്രിയിൽ കഴിയുന്ന നാൽപതോളം പേരിൽ ചിലർ ഇപ്പോഴും അതീവ ഗുരുതരാവസ്ഥയിലാണ്. ഒരു സമുദായത്തിൽ, പിടിച്ചുപറിയും മറ്റു സാമൂഹികവിരുദ്ധ നടപടികളും തൊഴിലാക്കിയ ഒരാൾ മറ്റൊരു സമുദായക്കാരുടെ കടയിൽ ചെന്ന് ഗുണ്ടാ പിരിവിന് ശ്രമം നടത്തിയതാണ് ഇപ്പോൾ ആറു പേരുടെ കൊലയിൽ എത്തിനിൽക്കുന്നത്. കശപിശകൾ നിസ്സാരമായാൽ പോലും കക്ഷികൾ വ്യത്യസ്ത സമുദായങ്ങളിൽ പെട്ടവരാകുമ്പോൾ അതിന് വർഗീയവർണം പകരുക എളുപ്പമാണ്. ചെറിയതുറ സംഭവത്തെയും തൽപരകക്ഷികൾ വർഗീയ സംഘട്ടനമായി ചിത്രീകരിക്കാൻ ശ്രമിച്ചുവെങ്കിലും അത് വിജയിക്കാതെ പോയത് ആശ്വാസകരമായി. വിജയിച്ചിരുന്നെങ്കിൽ, കേരളത്തിന്റെ മുഴുവൻ തീരപ്രദേശവും വർഗീയ സംഘർഷത്തിന്റെ പിടിയിലാകുമായിരുന്നു.

അതതു സമുദായങ്ങളിലെ ഒറ്റപ്പെട്ട തെമ്മാടികളാണ് പലപ്പോഴും ഭയാനകമായ വർഗീയ -സാമുദായിക കലാപങ്ങൾക്ക് തിരികൊളുത്തുന്നത്. ബന്ധപ്പെട്ട സമുദായങ്ങൾ ഗുണ്ടകളെ ഗുണ്ടകളായി കാണാതെ സമുദായത്തിന്റെ പ്രതിനിധികളായി കാണുമ്പോൾ അവരുടെ കുത്സിത നടപടികൾ സാമുദായിക കലാപങ്ങളുടെ രൂപംപ്രാപിക്കുന്നു. അവിവേകികളും തെമ്മാടികളുമില്ലാത്ത സമുദായങ്ങളില്ല. അവിവേകികളെയും തെമ്മാടികളെയും തിരിച്ചറിയാൻ കഴിയാത്ത സമുദായങ്ങളുമില്ല. പക്ഷേ ഈ തിരിച്ചറിവ് ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിൽ പലപ്പോഴും സമുദായങ്ങളും അവയുടെ നേതാക്കളും പരാജയപ്പെടുന്നു. അതുകൊണ്ടാണ് ഗുണ്ടകളുടെ ചേഷ്ടിതങ്ങൾ സമുദായ സേവനവും അവരെ സംരക്ഷിക്കൽ സമുദായത്തിന്റെ അഭിമാന പ്രശ്നവുമായി മാറുന്നത്.

ചെറിയതുറയിൽ ആറു മനുഷ്യ സഹോദരങ്ങളെ കൊന്നു തള്ളിയത് വർഗീയ ഭ്രാന്തന്മാരല്ല; ജനങ്ങളുടെ ജീവനും ധനത്തിനും സംരക്ഷണം നൽകേണ്ട പോലീസുകാരാണ്. അറ്റകൈ പ്രയോഗം ആദ്യകൈ പ്രയോഗമാക്കുകയായിരുന്നു അവർ. സംഘർഷം തടയാൻ സ്വീകരിക്കേണ്ട നടപടികളൊന്നും പോലീസിന്റെ ഭാഗത്തുനിന്നുണ്ടായില്ല. ഗുണ്ടാ പിരിവിനിറങ്ങിയ പ്രതിയെക്കുറിച്ച് നാട്ടുകാർ പരാതിപ്പെടുകയും പോലീസ് അയാളെ പിടികൂടുകയും ചെയ്തിരുന്നു. പക്ഷേ അറസ്റ്റ് ചെയ്യുകയോ കസ്റ്റഡിയിൽ വെക്കുകയോ ചെയ്യാതെ ഉടനെ വിട്ടയക്കുകയാണ് ചെയ്തത്. ഈ വീഴ്ചയാണ് പിന്നീടുണ്ടായ കുഴപ്പങ്ങൾക്കെല്ലാം വഴിവെച്ചത്. ഗുണ്ട ആളുകളെ സംഘടിപ്പിച്ച് മറുപക്ഷത്തെ ആക്രമിച്ചു. മറുപക്ഷം സംഘടിച്ച് ചെറിയതുറയിലെത്തി കുടിലുകൾക്കും തോണികൾക്കും തീയിടാൻ തുടങ്ങി. ചെറിയൊരു തീപ്പൊരി വീണാൽ വൻ കലാപമായി ആളിക്കത്തുന്ന സ്വഭാവമുള്ള സെൻസേഷനൽ ഏരിയകളിലൊന്നാണ് ബീമാബള്ളി-ചെറിയതുറ തീരങ്ങൾ. ഉത്തരവാദപ്പെട്ടവർക്കൊക്കെ അതറിയാം. പ്രശ്നമൊന്നും ഇല്ലാത്തപ്പോഴും പോലീസ് ജാഗ്രതയോടെ നിരീക്ഷിക്കേണ്ട സ്ഥലമാണിത്. പക്ഷേ പ്രദേശത്ത് റോന്തുചുറ്റിക്കൊണ്ടിരുന്ന മുപ്പതോളം വരുന്ന സ്ട്രൈക്കർ ഫോഴ്സിനെ പിൻവലിക്കുകയാണ് സ്ഥലം സി.ഐ ചെയ്തത്. ഇത് ഉന്നതങ്ങളിൽനിന്നുള്ള നിർദേശമനുസരിച്ചായിരുന്നുവത്രെ. ഗുണ്ടാസംഘം രണ്ടാമത് ആക്രമണം നടത്തിയശേഷവും ആവശ്യമായ പോലീസ് ബന്തവസ്സ് ഏർപ്പെടുത്താൻ ശ്രമമുണ്ടായില്ല. പിറ്റേന്ന് അതിന്റെ പ്രത്യാഘാതമുണ്ടായപ്പോൾ ആളുകളെ തുരുതുരാ വെടിവെച്ച് കൊല്ലുകയാണവർ ചെയ്തത്. അതിനു മുമ്പ് സ്വീകരിക്കേണ്ട ലാത്തിച്ചാർജ്, ടിയർ ഗ്യാസ്, ജലപീരങ്കി, റബർ ബുള്ളറ്റ് പ്രയോഗങ്ങളൊന്നും സ്വീകരിക്കാതെ വെടിവെക്കാൻ ആരാണ് ഉത്തരവിട്ടതെന്ന് ഇനിയും വ്യക്തമായിട്ടില്ല. ചെറിയതുറയിൽ കുടിലുകൾക്കും തോണികൾക്കും തീയിട്ടത് പോലീസുതന്നെയായിരുന്നുവെന്നും ആരോപണമുയർന്നിട്ടുണ്ട്. അന്യായമായ വെടിവെപ്പിന് നീതീകരണമുണ്ടാക്കുകയായിരുന്നുവത്രെ അവർ. ആഭ്യന്തരമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ, വെടിവെപ്പിനിടയാക്കിയ സാഹചര്യം ശരിയാംവണ്ണം വിശദീകരിക്കാൻ പോലീസിനു കഴിഞ്ഞിട്ടില്ല എന്നും റിപ്പോർട്ടുണ്ട്. തങ്ങൾ വെടിവെച്ചിരുന്നില്ലെങ്കിൽ കൂടുതൽ വലിയ കൊള്ളിവെപ്പും കൊലയും നടക്കുമായിരുന്നു എന്നാണവരുടെ ഭാഷ്യം. ആളുകൾ പരസ്പരം കൊല്ലുന്നതൊഴിവാക്കാൻ കൂട്ടക്കൊല പോലീസ് ഏറ്റെടുത്ത് നടത്തുകയാണോ വേണ്ടത് എന്ന ചോദ്യം പ്രസക്തമാകുന്നു. എല്ലാം ചേർത്തു വായിക്കുമ്പോൾ സംഭവത്തിൽ പോലീസ് ഉൾപ്പെട്ട ഗൂഢാലോചന മണക്കുന്നവരെ കുറ്റപ്പെടുത്താനാവില്ല.

കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾക്ക് 10 ലക്ഷം വീതവും പരിക്കേറ്റവർക്ക് ഒരു ലക്ഷം വീതവും സഹായധനം നൽകാൻ സർക്കാർ തീരുമാനിച്ചത് നന്നായി. കൊല്ലപ്പെട്ടവരുടെ കുടുംബങ്ങളിൽനിന്ന് ഓരോ ആൾക്കു വീതം ജോലി കൊടുക്കുന്ന കാര്യവും സർക്കാർ പരിഗണിക്കുമെന്ന് മന്ത്രിമാർ അറിയിച്ചിരിക്കുന്നു. ബീമാപള്ളിയിലും ചെറിയതുറയിലും അരങ്ങേറിയ കുറ്റകൃത്യങ്ങളെക്കുറിച്ച് ക്രൈംബ്രാഞ്ചും പോലീസിന്റെ നടപടികളെക്കുറിച്ച് പോലീസ് മേധാവികളും അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ഒരു ജുഡീഷ്യൽ അന്വേഷണവും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. വെടിവെപ്പിനെക്കുറിച്ച് മനുഷ്യാവകാശ കമീഷനും കേസെടുത്തിരിക്കുന്നു. അന്വേഷണങ്ങളെല്ലാം മുറക്കു നടക്കുകയാണെങ്കിൽ സംഭവത്തിലെ സത്യങ്ങൾ പുറത്തുവരികയും അനിഷ്ട സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള മാർഗം ഉരുത്തിരിയുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കാം.

ദുരിതാശ്വാസ നടപടികൾക്കും അന്വേഷണങ്ങൾക്കും സമാന്തരമായി, ജനമനസ്സുകളിൽനിന്ന് കാലുഷ്യവും പകയും തുടച്ചുനീക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതുണ്ട്. കലാപങ്ങൾ പ്രകടമാകുമ്പോൾ അത് അമർച്ച ചെയ്യാൻ മാത്രമേ പോലീസിനു കഴിയൂ. ജനമനസ്സുകൾ വിദ്വേഷത്തിൽനിന്നും പകയിൽനിന്നും മുക്തമായാലേ സംഘർഷങ്ങൾ ഉടലെടുക്കുന്ന സാഹചര്യം ഇല്ലാതാകൂ. ബന്ധപ്പെട്ട സമൂഹങ്ങൾക്കിടയിൽ പരസ്പര വിശ്വാസവും സൗഹാർദവും സഹകരണവും വളർത്തിയെടുക്കാൻ ആസൂത്രിതമായ പരിപാടികളുണ്ടാവണം. സർക്കാറിന്റെയും മത-രാഷ്ട്രീയ-സാംസ്കാരിക സംഘടനകളുടെയും കൂട്ടായ ശ്രമം അതിനാവശ്യമാണ്. കേരള അമീർ ടി. ആരിഫലി സാഹിബിന്റെ നേതൃത്വത്തിൽ പ്രശ്നബാധിത പ്രദേശങ്ങൾ സന്ദർശിച്ച ജമാഅത്തെ ഇസ്‌ലാമി പ്രതിനിധിസംഘം ഇത്തരമൊരു സംരംഭത്തിന്റെ ആവശ്യകത മുന്നോട്ടുവെച്ചത് ആഭ്യന്തരമന്ത്രി കൊടിയേരി ബാലകൃഷ്ണൻ സ്വാഗതം ചെയ്തിട്ടുണ്ട്. അമീറുമായി നടത്തിയ കൂടിക്കാഴ്ചയിൽ, തിരുവനന്തപുരം ലത്തീൻ കത്തോലിക്കാ അതിരൂപതാ ആർച്ച് ബിഷപ്പ് സൂസൈപാക്യം ഈ നിർദേശത്തെ പിന്തുണക്കുകയും ചെയ്തിരിക്കുന്നു. സംഘർഷമേഖലയിലെ ജനഹൃദയങ്ങളിൽനിന്ന് വിദ്വേഷത്തിന്റെ വിഷമുള്ളുകൾ പിഴുതെറിയാനും തൽസ്ഥാനത്ത് സ്നേഹ സുരഭിലമായ സൗഹൃദ മലരുകൾ വിരിയിക്കാനും പ്രദേശത്തെ ഇസ്‌ലാമിക പ്രവർത്തകർ ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ■